# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2074 — 15/07/2011-ൽ മറുപടിക്ക്

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിൽ സംസ്ഥാനത്ത് എത്ര സ്കൂളുകളുടെ അപ്ഗ്രേഡേഷനാണ് ഇപ്പോൾ പരിഗണനയിലുള്ളത്; | എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം സംസ്ഥാനത്ത് 36 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടിക്രമങ്ങളാണ് പൂർത്തിയാക്കിവരുന്നത്. |
| ബി) ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | ബി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയ സ്കൂളുകളുടെ അപ്ഗ്രേഡേഷനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നു. |
| സി) അപ്ഗ്രേഡ് ചെയ്യുന്നതിനായി അവലംബിച്ച പ്രധാന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | സി) സംസ്ഥാനത്ത് നടത്തിയ ജി.ഐ.എസ് മാപ്പിങ്ങിന്റെ അടിസ്ഥാനത്തിൽ ദൂരപരിധി 5 കിലോമീറ്ററിൽ കൂടുതലുള്ള സ്കൂളുകളിലെ പ്രദേശത്തിന്റെ പിന്നാക്കാവസ്ഥ, ഭൂമിശാസ്ത്രപരമായ പ്രത്യേകത എന്നിവ കണക്കിലെടുത്താണ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നിർദ്ദേശം സമർപ്പിച്ചത്. |
| ഡി) പ്രദേശത്തിന്റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയും ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ തിങ്ങി താമസിക്കുന്ന പ്രദേശങ്ങൾക്കും മുൻഗണന നൽകുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) മുൻഗണന നൽകും. 5 കിലോമീറ്റർ ദൂരപരിധിയിൽ സ്കൂളുകളില്ലെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ